അനുബന്ധം I

Kerala Gazette No. 28 dated 13th July, 1993.

**PART I** **Section iii**

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം—എ) വകുപ്പ്

## വിജ്ഞാപനം

നമ്പർ 5316/ലെജ്. എ 1/93/ലാ. തിരുവനന്തപുരം, 1993 ഏപ്രിൽ 17

1915 ചൈത്രം 27

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 1993, ഏപ്രിൽ 17-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

എ. എം. ശിവദാസ്,

നിയമവകുപ്പ് സെക്രട്ടറി.

1993-ലെ 11-ാം ആക്റ്റ്

# 1993-ലെ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട്

പട്ടികജാതികളും പട്ടിക വർഗ്ഗങ്ങളും ഒഴികെയുള്ള പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

പീഠിക.—പട്ടികജാതികളും പട്ടിക വർഗ്ഗങ്ങളും ഒഴികെയുള്ള പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിച്ച് അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കയാൽ;

## അനുബന്ധം I—(തുടർച്ച)

ഇന്ത്യൻ റിപ്പബ്ളിക്കിന്റെ നാൽപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1993-ലെ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1993 മാർച്ച് 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''പിന്നോക്ക വിഭാഗങ്ങൾ'' എന്നാൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾ ഒഴികെയുള്ളതും സംസ്ഥാന ഗവൺമെന്റ് ''മറ്റ് പിന്നോക്ക വിഭാഗങ്ങൾ'' എന്ന ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതുമായ അപ്രകാരമുള്ള പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പൗരൻമാർ എന്നർത്ഥമാകുന്നു;

(ബി) ''കമ്മീഷൻ'' എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) ''ഗവൺമെന്റ്'' എന്നാൽ കേരള ഗവൺമെന്റ് എന്നർത്ഥമാകുന്നു;

(ഡി) ''ലിസ്റ്റ്'' എന്നാൽ നിയമനങ്ങളോ തസ്തികകളോ സംബന്ധിച്ച് പിന്നോക്കവർഗ്ഗക്കാരായ പൗരൻമാർക്കുവേണ്ടിയുള്ള സംവരണത്തിന്റെ ആവശ്യത്തിലേക്ക്, ഗവൺമെന്റിന്റെയോ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ മറ്റധികാരസ്ഥാനത്തിന്റെയോ കീഴിലുള്ളതോ അല്ലെങ്കിൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതോ ആയ സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് ആ ഗവൺമെന്റിന് അഭിപ്രായമുള്ളതും അപ്പോഴപ്പോൾ ''മറ്റ് പിന്നോക്ക വർഗ്ഗങ്ങൾ'' എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതുമായ അങ്ങനെയുള്ള വർഗ്ഗങ്ങളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു;

(ഇ) ''അംഗം'' എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) ''നിർദ്ദേശിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെട്ട എന്നർത്ഥമാകുന്നു.

### അദ്ധ്യായം II

### പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ

3. പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അർപ്പിക്കപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്ന പേരിൽ ഒരു നികായം ഗവൺമെന്റ് രൂപീകരിക്കേണ്ടതാണ്.

അനുബന്ധം I—(തുടർച്ച)

(2) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്നതായിരിക്കും കമ്മീഷൻ—

(എ) സുപ്രീം കോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ജഡ്ജിയായിരിക്കുന്നതോ ഇരുന്നിട്ടുള്ളതോ ആയ ഒരു ചെയർപേഴ്സൺ

(ബി) ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻ ;

(സി) പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള പ്രഗൽഭരായ രണ്ട് ആളുകൾ ;

(ഡി) കേരള ഗവൺമെന്റ് സെക്രട്ടറിയുടേയോ സ്പെഷ്യൽ സെക്രട്ടറിയുടേയോ പദവിയിൽ ഉള്ള സർക്കാർ ഉദ്യോഗസ്ഥനായി ഇരിക്കുന്നതോ ഇരുന്നിട്ടുള്ളതോ ആയ ഒരു മെമ്പർ-സെക്രട്ടറി.

4. ചെയർപേഴ്സന്റേയും അംഗങ്ങളുടേയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.—(1) ഓരോ അംഗവും താൻ സ്ഥാനമേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) ഒരംഗത്തിന് ഗവൺമെന്റിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി, ചെയർപേഴ്സൺ സ്ഥാനമോ, അംഗത്വമോ, അതതു സംഗതിപോലെ, ഏതു സമയത്തും രാജിവയ്ക്കാവുന്നതാണ്.

(3) അംഗം എന്ന പദവിയിൽ നിന്നും ഒരാളെ താഴെപ്പറയുന്ന സംഗതികളിൽ ഗവൺമെന്റിന് നീക്കം ചെയ്യാവുന്നതാണ്—

(എ) അയാൾ ഒരു അവിമുക്ത നിർദ്ധനനായിത്തീരുകയാണെങ്കിൽ;

(ബി) അയാൾ സാന്മാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്നതായി ഗവൺമെന്റ് കരുതുന്ന ഒരു കുറ്റകൃത്യത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയും തടവു ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിരിക്കുന്ന ഒരാളാണെങ്കിൽ;

(സി) അയാൾ ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുകയും തക്ക അധികാരമുള്ള കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ;

(ഡി) അയാൾ പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ അഥവാ അതിന് കഴിവില്ലാത്തവനായിത്തീരുകയോ ചെയ്യുകയാണെങ്കിൽ;

(ഇ) കമ്മീഷനിൽനിന്നും തന്റെ അസാന്നിദ്ധ്യത്തിനുള്ള അനുവാദം വാങ്ങാതെ, കമ്മീഷന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ;

(എഫ്) അയാൾ ചെയർപേഴ്സൺ എന്ന നിലയിൽ അല്ലെങ്കിൽ അംഗമെന്ന നിലയിൽ തുടരുന്നത് പിന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമാകുന്ന തരത്തിൽ തന്റെ പദവി ദുരുപയോഗപ്പെടുത്തുകയുണ്ടായിയെന്ന് ഗവൺമെന്റിന് അഭിപ്രായമുള്ളപക്ഷം:

എന്നാൽ ഈ ഖണ്ഡത്തിൻകീഴിൽ യാതൊരാളേയും, ഈ സംഗതിയെ സംബന്ധിച്ച് അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(4) (2)-ാം ഉപവകുപ്പിൻകീഴിലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഉണ്ടായ ഒരു ഒഴിവ് മൂന്ന് മാസക്കാലാവധിക്കുള്ളിൽ പുതിയ നാമനിർദ്ദേശം മൂലം നികത്തേണ്ടതാണ്.

## അനുബന്ധം I—(തുടർച്ച)

(5) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ മറ്റു സേവന വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വിധത്തിലായിരിക്കുന്നതാണ്.

5. കമ്മീഷനിലെ ഉദ്യോഗസ്ഥൻമാരും മറ്റ് ജീവനക്കാരും.—(1) കമ്മീഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായേക്കാവുന്നത്ര ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും ഗവൺമെന്റ് നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിലേക്കായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്കും മറ്റ് ജീവനക്കാർക്കും നല്കേണ്ട ശമ്പളവും ബത്തകളും അവരുടെ മറ്റ് സേവനവ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വിധത്തിലുള്ളവയായിരിക്കുന്നതാണ്.

6. ശമ്പളവും ബത്തകളും ഭരണച്ചെലവുകളും ഗ്രാന്റുകളിൽനിന്നും കൊടുക്കണമെന്ന്.—ചെയർപേഴ്സണും മെമ്പർമാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണച്ചെലവും 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽനിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടി അസാധുവാക്കില്ലെന്ന്.—കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ ഉള്ള കാരണം കൊണ്ടുമാത്രം കമ്മീഷന്റെ ഒരു പ്രവർത്തിയോ നടപടിയോ അസാധുവാകുന്നതല്ല.

8. നടപടിക്രമം കമ്മീഷൻ നിയന്ത്രിക്കണമെന്ന്.—(1) ആവശ്യമുള്ളപ്പോഴെല്ലാം ചെയർപേഴ്സണ് ഉചിതമെന്ന് തോന്നുന്ന സമയത്തും സ്ഥലത്തും കമ്മീഷൻ യോഗം ചേരേണ്ടതാണ്:

എന്നാൽ മൂന്നു മാസത്തിലൊരിക്കലെങ്കിലും കമ്മീഷൻ യോഗം ചേരേണ്ടതാണ്.

(2) കമ്മീഷൻ അതിന്റെ തന്നെ നടപടിക്രമം ചിട്ടപ്പെടുത്തേണ്ടതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറി അല്ലെങ്കിൽ മെമ്പർ-സെക്രട്ടറി ഇതിലേക്ക് യഥാവിധി അധികാരപ്പെടുത്തുന്ന കമ്മീഷനിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ പ്രമാണീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ കർത്തവ്യങ്ങളും അധികാരങ്ങളും

9. കമ്മീഷന്റെ കർത്തവ്യങ്ങൾ.—(1) ലിസ്റ്റുകളിൽ ഒരു പിന്നോക്കവിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗം പൗരൻമാരുടെ അഭ്യർത്ഥനകൾ കമ്മീഷൻ പരിശോധിക്കേണ്ടതും അത്തരം ലിസ്റ്റുകളിൽ ഏതെങ്കിലും പിന്നോക്ക വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ കുറവായി ഉൾപ്പെടുത്തിയെന്നോ ഉള്ള പരാതികൾ കേൾക്കേണ്ടതും ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള ഉപദേശം ഗവൺമെന്റിന് നൽകേണ്ടതുമാണ്.

(2) കമ്മീഷന്റെ ഉപദേശം സാധാരണഗതിയിൽ ഗവൺമെന്റിന് ബാധകമായിരിക്കുന്നതാണ്.

## അനുബന്ധം I—(തുടർച്ച)

10. <u>കമ്മീഷന്റെ അധികാരങ്ങൾ.</u>—9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അതിന്റെ കർത്തവ്യം നിർവ്വഹിക്കുമ്പോൾ കമ്മീഷന് ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്ന് ഏതെങ്കിലും ആളെ സമൻസ് അയച്ച് വിളിപ്പിക്കുന്നതിനും അയാളുടെ ഹാജരാകൽ നിർബന്ധമാക്കുന്നതിനും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും പ്രമാണത്തിന്റെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവെടുക്കുന്നതിന്;

(ഡി) ഏതെങ്കിലും കോടതിയിലോ ഓഫീസിലോ നിന്ന് ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിന്;

(ഇ) സാക്ഷികളുടെ വിസ്താരത്തിനും പ്രമാണ പരിശോധനയ്ക്കും കമ്മീഷൻ അയയ്ക്കുന്നതിന്;

(എഫ്) വിനിർദ്ദേശിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്ക്.

11. <u>ഗവൺമെന്റ് കാലാകാലങ്ങളിൽ ലിസ്റ്റ് പരിഷ്ക്കരിക്കണമെന്ന്.</u>—(1) പിന്നോക്ക വിഭാഗങ്ങളല്ലാതായിത്തീർന്ന വിഭാഗങ്ങളെ അങ്ങനെയുള്ള ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും അങ്ങനെയുള്ള ലിസ്റ്റിൽ പുതിയ പിന്നോക്ക വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിനുമായി ഗവൺമെന്റിന് ഏതു സമയത്തും ലിസ്റ്റ് പരിഷ്ക്കരിക്കാവുന്നതും ഈ ആക്റ്റ് നിലവിൽവന്ന് പത്തുവർഷം കഴിയുമ്പോഴും തുടർന്നുവരുന്ന ഓരോ പത്തുവർഷക്കാലം കഴിയുമ്പോഴും അങ്ങനെ പരിഷ്ക്കരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും പരിഷ്ക്കരണത്തിന് ഉദ്യമിക്കുമ്പോൾ ഗവൺമെന്റ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതാണ്.

### അദ്ധ്യായം IV

### ധനകാര്യ അക്കൗണ്ടും ആഡിറ്റും

12. <u>ഗവൺമെന്റ് നൽകുന്ന ഗ്രാന്റ്.</u>—(1) ഗവൺമെന്റ് ഇക്കാര്യത്തിലേക്ക് സംസ്ഥാന നിയമസഭ നിയമാനുസൃതമായി ഉചിതമായ വകയിരുത്തൽ നടത്തിയശേഷം ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നത് യുക്തമെന്ന് ഗവൺമെന്റിനു തോന്നുന്ന അപ്രകാരമുള്ള തുക ഗ്രാന്റായി കമ്മീഷനു നൽകേണ്ടതാണ്.

(2) കമ്മീഷന് ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമാണെന്ന് അത് കരുതുന്ന അപ്രകാരമുള്ള തുക ചെലവാക്കാവുന്നതും, അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഗ്രാന്റിൽനിന്ന് ചെയ്യാവുന്ന ചെലവായി കണക്കാക്കേണ്ടതുമാണ്.

## അനുബന്ധം I—(തുടർച്ച)

13. <u>അക്കൗണ്ടും ആഡിറ്റും.</u>—(1) കമ്മീഷൻ ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റ് റിക്കാർഡുകളും സൂക്ഷിക്കേണ്ടതും, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് ഗവൺമെന്റ് നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫോറത്തിൽ ഒരു വാർഷിക അക്കൗണ്ട് സ്റ്റേറ്റുമെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ, അദ്ദേഹം നിർണ്ണയിച്ചേക്കാവുന്ന അപ്രകാരമുള്ള ഇടവേളകളിൽ, ആഡിറ്റ് ചെയ്യേണ്ടതും, അപ്രകാരമുള്ള ആഡിറ്റിനോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന ഏതൊരു ചെലവും കമ്മീഷൻ ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് കൊടുക്കേണ്ടതുമാണ്.

(3) ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനും ഈ ആക്റ്റ് പ്രകാരമുള്ള കമ്മീഷന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനോട് ബന്ധപ്പെട്ട് ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നിയമിക്കുന്ന ഏതെങ്കിലും ആളിനും ഗവൺമെന്റ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനോട് ബന്ധപ്പെട്ട് ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനുള്ള അതേ അവകാശങ്ങളും പ്രത്യേക അവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും, ബന്ധപ്പെട്ട വൗച്ചറുകളും, മറ്റു രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുവാനും കമ്മീഷന്റെ ഏതൊരു ആഫീസും പരിശോധിക്കുവാനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

14. <u>വാർഷിക റിപ്പോർട്ട്.</u>—കമ്മീഷൻ ഓരോ വർഷവും നിർദ്ദിഷ്ട രീതിയിലും സമയത്തും, അതിന്റെ മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ കണക്ക് കാണിച്ചുകൊണ്ട്, അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതുമാണ്.

15. <u>വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.</u>—ഗവൺമെന്റ്, 9-ാം വകുപ്പുപ്രകാരം കമ്മീഷൻ നൽകിയ ഉപദേശത്തിൻമേലെടുത്ത നടപടിയും, അപ്രകാരമുള്ള ഏതെങ്കിലും ഉപദേശം സ്വീകരിക്കാതിരുന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങളും കാണിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടത്തോടുകൂടി വാർഷിക റിപ്പോർട്ടും, ആഡിറ്റ് റിപ്പോർട്ടും, അവ കിട്ടിയാലുടൻതന്നെ നിയമസഭ മുൻപാകെ വയ്പിക്കേണ്ടതാണ്.

### അദ്ധ്യായം V

### പലവക

16. <u>കമ്മീഷന്റെ ചെയർപേഴ്സണും, അംഗങ്ങളും, ജീവനക്കാരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.</u>—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന പബ്ലിക് സർവന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

17. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ പിൽക്കാല പ്രാബല്യത്തോടേയോ മുൻകാല പ്രാബല്യത്തോടേയോ ഗവൺമെന്റിന് ഗസറ്റ് വിജ്ഞാപനം മൂലം ഉണ്ടാക്കാവുന്നതാണ്.

അനുബന്ധം I—(തുടർച്ച)

(2) പ്രത്യേകിച്ച് മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സണും അംഗങ്ങളും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകാവുന്നതായ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും;

(ബി) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കണക്കുകളുടെ വാർഷിക സ്റ്റേറ്റുമെന്റുകൾ സൂക്ഷിക്കേണ്ട രീതി;

(സി) 14-ാം വകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട രീതിയും സമയവും;

(ഡി) വിനിർദ്ദേശിക്കേണ്ടത് ആവശ്യമായതോ, ആവശ്യമായേക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ;

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വച്ചതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

18. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാക്കുകയാണെങ്കിൽ, ഗവൺമെന്റിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുമൂലം വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

19. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 1993-ലെ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (1993-ലെ 5-ാം നമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

കെ. പി. [illegible],
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

അനുബന്ധം II

Kerala Gazette No. 19 dated 9th May, 2000.

**PART I** **Section iii**

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 3155/ലെഗ്. എ 1/2000/നിയമം. തിരുവനന്തപുരം, 2000 മാർച്ച് 30.
1922 ചൈത്രം 10.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2000 മാർച്ച് 30-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
സി. എസ്. പത്മനാഭൻ നായർ,
നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

2000-ലെ 10-ാം ആക്റ്റ്

## 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ആക്റ്റ്

1993-ലെ കേരള സംസ്ഥാന
പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

പീഠിക.—1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ളിക്കിന്റെ അൻപത്തിഒന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അനുബന്ധം II—(തുടർച്ച)

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2000 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ് (1993-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക). 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) കമ്മീഷനിൽ, സുപ്രീം കോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ സർക്കാർ നിയമിക്കുന്ന, ഒരാൾ ചെയർമാനായും താഴെപ്പറയുന്നവർ അതായത്,—

(എ) സ്ഥാനം ഹേതുവായി, സർക്കാരിന്റെ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പിന്നോക്ക വിഭാഗങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം ഉള്ള രണ്ട് പേർ, അംഗങ്ങളായും ഉണ്ടായിരിക്കേണ്ടതാണ്."

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2000-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും സംഗതിയോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

എസ്. ദലീലാ സോജ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.